ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:06.08.2025**

## പ്രധാനവാർത്തകൾ

1. ന്യൂഡൽഹിയിലെ കർത്തവ്യ ഭവൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു.

2. റിപ്പോ നിരക്ക് 5.5 ശതമാനമായി നിലനിർത്തുമെന്ന് ആർ ബി ഐ ഗവർണർ സഞ്ജയ് മൽഹോത്ര.

3. തൃശ്ശൂർ പാലിയേക്കര ടോൾ പിരിവ് നാലാഴ്ചത്തേക്ക് നിർത്തിവയ്ക്കാൻ ഹൈക്കോടതി ഉത്തരവ്.

4. സംസ്ഥാനത്തെ 43,000 കുടുംബങ്ങൾക്കുള്ള മുൻഗണനാ റേഷൻ കാർഡുകളുടെ വിതരണോദ്ഘാടനം മന്ത്രി ജി. ആർ. അനിൽ ഇന്ന് തിരുവനന്തപുരത്ത് നിർവഹിക്കും.

5. മേഘവിസ്ഫോടനമുണ്ടായ ഉത്തരാഖണ്ഡിൽ രക്ഷാ പ്രവർത്തനം ഊർജിതമായി തുടരുന്നു; ദുരിതാശ്വാസ, പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി.

6. സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ മഴയ്ക്ക് സാധ്യത; കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക്.

RNU TVPM

&&&&&&&&&&&&&&&&&&

**കർത്തവ്യ ഭവൻ**

ന്യൂഡൽഹിയിലെ കർത്തവ്യ ഭവൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യു. വൈകിട്ട് കർത്തവ്യപഥിൽ നടക്കുന്ന പൊതുപരിപാടിയെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും. ഡൽഹിയിലെ വിവിധ മന്ത്രാലയങ്ങളെയും വകുപ്പുകളെയും ഒരു കൂടക്കീഴിലാക്കി കാര്യക്ഷമത, നവീകരണം, സഹകരണം എന്നിവ വർദ്ധിപ്പിക്കുന്നതിനാണ് കർത്തവ്യ ഭവൻ - 3 രൂപകൽപ്പന ചെയ്തിരിക്കുന്നത്.

&&&&&&&&&&&&&&&&&&

**ആർ.ബി ഐ - റിപ്പോ-ഇൻട്രോ**

റിപ്പോ നിരക്ക് 5.5 ശതമാനമായി നിലനിർത്താൻ തീരുമാനിച്ചതായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. പണ നയ സമിതി യോഗത്തിലാണ് തീരുമാനം. ആർ ബി ഐ ഗവർണർ സഞ്ജയ് മൽഹോത്രയാണ് വാർത്താ സമ്മേളനത്തിൽ റിപ്പോ നിരക്ക് പ്രഖ്യാപിച്ചത്.

***(വോയിസ്)***

&&&&&&&&&&&&&&&&&&

**പാർലമെൻറ്**

RNU TVPM

വർഷകാല സമ്മേളനം നടക്കുന്ന പാർലമെന്റിൽ പ്രതിപക്ഷ ബഹളത്തെ തുടർന്ന് ഇന്നും നടപടികൾ തടസപ്പെട്ടു. ഇരുസഭകളും ഉച്ചക്ക് രണ്ടു മണി വരെ നിർത്തി വച്ചു. 12 മണി വരെ നിർത്തി വച്ചിരുന്ന ലോക്സഭയിൽ നടപടിക്രമങ്ങൾ പുനരാരംഭിച്ചപ്പോഴും വിവിധ വിഷയങ്ങൾ ഉന്നയിച്ച് പ്രതിപക്ഷം പ്രതിഷേധം തുടർന്നു. 1945-ൽ ജപ്പാനിലെ ഹിരോഷിമയിലും നാഗസാക്കിയിലും ഉണ്ടായ അണുബോംബ് സ്ഫോടനങ്ങളിൽ കൊല്ലപ്പെട്ടവർക്ക് ലോക്സഭ ആദരാഞ്ജലി അർപ്പിച്ചു.

&&&&&&&&&&&&&&&&&&

**ഹിരോഷിമ ദിനം**

ആണവായുധത്തിന്റെ വിനാശം ഓർമപ്പെടുത്തി ഇന്ന് ഹിരോഷിമ ദിനം. 1945 ഓഗസ്റ്റ് ആറിനാണ് ജാപ്പനീസ് നഗരമായ ഹിരോഷിമയിൽ അമേരിക്ക ലിറ്റിൽ ബോയ് എന്ന അണുബോംബ് വർഷിച്ചത്. 1,40,000-ത്തിലധികം ആളുകൾ കൊല്ലപ്പെട്ടു. അതിലേറെ പേർക്ക് മാരക രോഗങ്ങൾ പിടിപെട്ടു. സ്ഫോടനത്തിന്റെ 80 ആം വാർഷികമായ ഇന്ന് രാവിലെ ഹിരോഷിമ പീസ് മെമ്മോറിയൽ പാർക്കിൽ നടന്ന ചടങ്ങിൽ ഏകദേശം അമ്പത്തയ്യായിരം പേർ പങ്കെടുത്തു. ആണവായുധങ്ങളില്ലാത്ത ഒരു ലോകത്തിനായി ജപ്പാൻ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി ഇഷിബ ഷിഗെരു ചടങ്ങിൽ പറഞ്ഞു.

PNUTVPM

&&&&&&&&&&&&&&&&&&

## ടോൾ പിരിവ്

തൃശ്ശൂർ പാലിയേക്കര ടോൾ പ്ലാസയിൽ ടോൾ പിരിക്കുന്നത് നിർത്തി വയ്ക്കാൻ ഹൈക്കോടതി ഉത്തരവ്. നാലാഴ്ചത്തേക്ക് ടോൾ പിരിവ് നിർത്താനാണ് നിർദ്ദേശം.

ഇടപ്പള്ളി–മണ്ണുത്തി ദേശീയപാതയിലെ ഗതാഗതക്കുരുക്കിന് ദേശീയപാത അതോറിറ്റി ഉടൻ പരിഹാരം കാണാണമെന്നും കോടതി നിർദേശിച്ചു.

&&&&&&&&&&&&&&&&&&

RNUTVPM

## ജി.ആർ അനിൽ

സംസ്ഥാനത്തെ 43,000 കുടുംബങ്ങൾക്കുള്ള മുൻഗണനാ റേഷൻ കാർഡുകളുടെ വിതരണോദ്ഘാടനം മന്ത്രി ജി. ആർ. അനിൽ ഇന്ന് തിരുവനന്തപുരത്ത് നിർവഹിക്കും. ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരം, മാറി വരുന്ന സാമൂഹിക സാമ്പത്തിക ഘടകങ്ങൾക്ക് അനുസരിച്ചാണ് പട്ടിക പുതുക്കിയതെന്ന് സംസ്ഥാന സർക്കാർ അറിയിച്ചു. ആന്റണി രാജു എം.എൽ.എ ചടങ്ങിൽ അധ്യക്ഷനാകും.

&&&&&&&&&&&&&&&&&&

## വോട്ടർപട്ടിക

സംസ്ഥാനത്ത് തദ്ദേശതെരഞ്ഞെടുപ്പിനുള്ള വോട്ടർപ്പട്ടികയിൽ പേര് ചേർക്കാനും

തിരുത്താനുമുള്ള അവസരം നാളെ അവസാനിക്കും. ഈ മാസം 30 ന് അന്തിമ പട്ടിക പ്രസിദ്ധീകരിക്കും.

&&&&&&&&&&&&&&&&&&

## കെ എൻ ബാലഗോപാൽ

കേരള മീഡിയ അക്കാദമിയുടെ മാധ്യമ പ്രതിഭാസംഗമം മന്ത്രി കെ എൻ ബാലഗോപാൽ ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. അക്കാദമിയുടെ നവീകരിച്ച വെബ്സൈറ്റിന്റെ ഉദ്ഘാടനവും മന്ത്രി നിർവഹിക്കും. 2024-25 വർഷത്തെ ഫെലോഷിപ്പിന് അർഹരായവർക്കാണ് ഫലകം സമ്മാനിക്കുക. അതോടൊപ്പം കൊവിഡ് കാലത്ത് ചടങ്ങുകൾ നടക്കാതിരുന്നതിനാൽ മാറ്റിവെച്ച 2019-20 വർഷത്തെ ഫെലോഷിപ്പ് ജേതാക്കൾക്കുള്ള മെമന്റോയും അക്കാദമി നടത്തിയ വാർത്താ അവതരണ മത്സര വിജയികൾക്കുള്ള സമ്മാനവും മന്ത്രി നൽകും.

RNU TVPM

&&&&&&&&&&&&&&&&&&

## വരയാട് കണക്കെടുപ്പ്

ഇരവികുളം നാഷണൽ പാർക്കിന്റെ അൻപതാം വാർഷികത്തിന്റെ ഭാഗമായി കേരളത്തിലെയും തമിഴ്നാട്ടിലെയും വനമേഖലകളിൽ നടത്തിയ വരയാടുകളുടെ സംയുക്ത കണക്കെടുപ്പ് റിപ്പോർട്ട് മന്ത്രി എ കെ ശശീന്ദ്രൻ പ്രകാശനം ചെയ്തു. ലോകത്ത് ആകെയുള്ള 2668 വരയാടുകളിൽ 1365 എണ്ണം കേരളത്തിലും

1303 എണ്ണം തമിഴ്നാട്ടിലുമാണെന്ന് റിപ്പോർട്ടിൽ പറയുന്നു. ഇരവികുളമാണ് ഏറ്റവുമധികം വരയാടുകളുള്ള വന്യജീവി സങ്കേതം. വരയാടുകളെ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിന് സംസ്ഥാനം പദ്ധതി ആവിഷ്കരിക്കുമെന്ന് മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&&

**മഴ**

സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്. കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. പാലക്കാട്, തൃശൂർ, ഇടുക്കി, എറണാകുളം ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക്.

RNUTVPM

&&&&&&&&&&&&&&&&&&&

**ഇടുക്കി -ഇൻട്രോ**

നാടിനെ നടുക്കിയ പെട്ടിമുടി ദുരന്തത്തിന് ഇന്ന് അഞ്ച് വയസ്സ്. 2020 ഓഗസ്റ്റ് 6ന് രാത്രിയാണ് തുള്ളി തോരാതെ പെയ്ത മഴയ്ക്കൊപ്പം ഉരുൾപൊട്ടലിന്റെ രൂപത്തിലെത്തിയ ദുരന്തം ഇടുക്കി പെട്ടിമുടിയിലെ നാല് ലൈൻ ലയങ്ങളിലുണ്ടായിരുന്ന 70 പേരുടെ ജീവനെടുത്തത്. ദുരന്തത്തിൽ 12 പേർ മാത്രമാണ് രക്ഷപെട്ടത്.

***ഇടുക്കിയിൽ നിന്നും ആകാശവാണി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്....***

***(വോയിസ്)***

&&&&&&&&&&&&&&&&&&

**ഉത്തരാഖണ്ഡ്-മേഘവിസ്ഫോടനം**

മേഘവിസ്ഫോടനമുണ്ടായ ഉത്തരാഖണ്ഡിലെ രക്ഷാ ദുരിതാശ്വാസ, പ്രവർത്തനങ്ങളുടെ പുരോഗതി പ്രധാനമന്ത്രി നരേന്ദ്ര മോദി വിലയിരുത്തി. ജനങ്ങളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റിയത് സംബന്ധിച്ചും അവശ്യ സേവനങ്ങളുടെയും വിഭവങ്ങളുടെയും ലഭ്യതയെക്കുറിച്ചും പ്രധാനമന്ത്രിയോട് വിശദീകരിച്ചതായി ഉത്തരാഖണ്ഡ് മുഖ്യമന്ത്രി പുഷ്കർ സിംഗ് പറഞ്ഞു. ഇന്നലെ ധരാലിയിൽ ഉണ്ടായ മിന്നൽ പ്രളയത്തെ തുടർന്ന് വീടുകളും കെട്ടിടങ്ങളും ഉൾപ്പടെ ഒലിച്ച് പോയിരുന്നു. ദുരന്തത്തിൽ മലയാളികളും ഉൾപ്പെട്ടതായാണ് റിപ്പോർട്ട്.

RNU TVPM

&&&&&&&&&&&&&&&&&&

**പവർ ലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പ്**

കോഴിക്കോട് ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുന്ന ദേശീയ മാസ്റ്റേർസ് പവർ ലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പിൽ ക്ലാസിക് പവർ ലിഫ്റ്റിംഗ് മത്സരം പൂർത്തിയായി. പുരുഷ - വനിത വിഭാഗങ്ങളിൽ മഹാരാഷ്ട്ര

ഓവറോൾ ജേതാക്കളായി. കേരളം രണ്ടാം സ്ഥാനവും മധ്യ പ്രദേശ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ചാമ്പ്യൻഷിപ്പ് നാളെ സമാപിക്കും.

&&&&&&&&&&&&&&&&&&

**ഓഹരി -സ്വർണം**

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 23 പോയിന്റ് താഴ്ന്ന് 80,691 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 31 പോയിന്റ് നഷ്ടത്തിൽ 24,620 ലും വ്യാപാരം തുടരുന്നു. ചെറിയ ഇടവേളക്കുശേഷം വീണ്ടും സ്വർണ വില പവന് 75,000 രൂപ കടന്നു. പവന് 80 രൂപ കൂടി 75,040 രൂപയും ഗ്രാമിന് 9,380 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

**ആലപ്പുഴ-ഇൻട്രോ**

ആലപ്പുഴ നഗരത്തിന്റെ പഴമയുടെ പ്രതീകമായിരുന്ന ജില്ലാ കോടതി പാലം ഇനി ഓർമ്മകളിൽ. രണ്ടു നിലകളിലായി ഇനി ഇവിടെ പുതിയ പാലം നിർമ്മിക്കും.

***വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ. രവികുമാർ.....***

***(വോയിസ്)***

RNU TVPM

&&&&&&&&&&&&&&&&&&

**കെ. നവീൻ ബാബു**

കണ്ണൂർ എ ഡി എം ആയിരുന്ന കെ. നവീൻ ബാബുവിൻ്റെ മരണത്തിൽ തുടരന്വേഷണം ആവശ്യപ്പെട്ട് ഭാര്യ കെ. മഞ്ജുഷ കണ്ണൂർ ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹർജി നൽകി. പോലീസ് കോടതിയിൽ സമർപ്പിച്ച കുറ്റപത്രത്തിൽ പോരായ്മകൾ ഉണ്ടെന്ന് കാണിച്ചാണ് ഹർജി. പോലീസ് നൽകിയ അവസാന റിപ്പോർട്ടിൽ പല രേഖകളും സാക്ഷിമൊഴികളും തെളിവുകളും മറച്ചുവെച്ചതായും ഹർജിയിൽ പറയുന്നു.

&&&&&&&&&&&&&&&&&&

**നെല്ല് - ഇലകരിച്ചിൽ രോഗം**

ആലപ്പുഴ ജില്ലയിൽ ബാക്ടീരിയൽ ഇലകരിച്ചിൽ രോഗ ലക്ഷണങ്ങൾ കണ്ടെത്തിയതായി കീടനിരീക്ഷണ കേന്ദ്രം. കരുവാറ്റ, നെടുമുടി, കൈനകരി, തകഴി, നീലംപേരൂർ കൃഷിഭവനുകളുടെ പരിധിയിൽ വരുന്ന രണ്ടാംകൃഷി ഇറക്കിയ പാടശേഖരങ്ങളിലാണ് രോഗ ലക്ഷണങ്ങൾ കണ്ടെത്തിയത്. ഇപ്പോഴത്തെ കാലാവസ്ഥ രോഗവ്യാപനത്തിന് വളരെ അനുകൂലമാണെന്നും നിയന്ത്രണ മാർഗങ്ങൾ സ്വീകരിക്കണമെന്നും കീടനിരീക്ഷണ കേന്ദ്രം അറിയിച്ചു.

&&&&&&&&&&&&&&&&&&

RNU TVPM

## എം.എൽ.എ.എം. നാരായണൻ

ഹൊസ്ദുർഗ് മുൻ എം.എൽ.എയും CPI നേതാവുമായ M നാരായണൻ്റെ സംസ്കാരം ഇന്ന് വൈകിട്ട് അഞ്ചിന് കാസർഗോഡ് സമുദായ ശ്മശാനത്തിൽ നടക്കും. ഉച്ചകഴിഞ്ഞ് 3.30 വരെ കാഞ്ഞങ്ങാട് ടൗൺഹാളിൽ മൃതദേഹം പൊതുദർശനത്തിന് വെക്കും. M നാരായണന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി തുടങ്ങിയവർ അനുശോചിച്ചു.

&&&&&&&&&&&&&&&&&&

## സംസ്ഥാന പോലീസ് മേധാവി

രാജ്യമൊട്ടാകെ പടരുന്ന നിശ്ശബ്ദ പകർച്ചവ്യാധിയാണ് ലഹരിയെന്നും ഇതിനെ സമൂഹം ഒറ്റക്കെട്ടായി നേരിടണമെന്നും സംസ്ഥാന പോലീസ് മേധാവി റവാഡ ചന്ദ്രശേഖരൻ. ലഹരിപരിശോധന ഉപകരണമായ സോടാക്സ് അനലൈസർ പോലീസ് സേനക്ക് കൈമാറുന്ന ചടങ്ങ് കണ്ണൂരിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു ഡിജിപി. ലഹരിക്കെതിരെയുള്ള പോരാട്ടത്തിൽ പോലീസ് സേനക്കൊപ്പം സമൂഹത്തിന്റെ എല്ലാ തട്ടിലുമുള്ളവർ ഒത്തുചേരണമെന്ന് അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

RNU TVPM

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&